# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടക്കത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി8)1520/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടക്കത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി8)1520/2021 തീയ്യതി: 18/05/2022

## തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 18-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 18-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷോബി.വി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ശിവദാസൻ.എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.പ്രവിദ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ,
ശ്രീമതി.ധന്യ സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.എസ്.വിനയൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 18-12-2020 |
| ശ്രീമതി.ഇന്ദിര മോഹനൻ | പ്രസിഡന്റ് | 19-12-2020 | 31-03-2021 |
| ശ്രീമതി.മിനിചന്ദ്. ആർ | സെക്രട്ടറി | 01-04-2020 | 28-08-2020 |
| ശ്രീമതി.രേഖ.വി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-08-2020 | 11-10-2020 |
| ശ്രീമതി.രാജേശ്വരി.എം | സെക്രട്ടറി | 12-10-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്രവിത.കെ.ആർ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| അർച്ചന വിശ്വനാഥ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| രേഖ.വി.എസ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| അനുപിയ | വി.ഇ.ഒ (വെള്ളാനിക്കര സർക്കിൾ) | 01-04-2020 | 31-03-2021 |
| ഷീജ.എം.എസ് | വി.ഇ.ഒ (കരുവാൻകാട് സർക്കിൾ) | 01-04-2020 | 31-03-2021 |
| സുഷമ.സി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ദീപ സാമുവൽ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 23-09-2020 |
| ഡോ.രാഹുൽ.കെ.കെ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 24-09-2020 | 31-03-2021 |
| ഡോ.വിജോയ് ജോസഫ്.സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.ആഷാ.ഇ.എസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 21-07-2020 |
| ഡോ.മായ.എൻ.എം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 22-07-2020 | 31-03-2021 |
| ഡോ.സിന്ധു.കെ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 07-09-2020 |
| ഡോ. ബിന്ദു ബാലകൃഷ്ണൻ | വെറ്ററിനറി സർജ്ജൻ | 08-09-2020 | 31-03-2021 |
| ദീപ്തി.എം.യു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 21-07-2020 |

| | | | |
|---|---|---|---|
| ആൻസി ജോസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 22-07-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shobby.V.P (Audit Officer, On 17-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shobby.V.P (Audit Officer, On 17-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 17-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jayan VS (Auditor, On 17-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shobby.V.P (Audit Officer, On 17-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: Jayan VS (Auditor, On 17-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Dhanya.A (Auditor, On 17-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Shobby.V.P (Audit Officer, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayan VS (Auditor, On 17-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-10 |
| 11 | വസ്തു നികുതി സാംഖ്യ, സഞ്ചയ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Jayan VS (Auditor, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-11 |
| 12 | അഡ്വാൻസ് തുക സാംഖ്യ പ്രകാരമുള്ളതും സഞ്ചയയിൽ രേഖപ്പെടുത്തിയതും പൊരുത്തപ്പെടുന്നില്ല<br>Written By: Jayan VS (Auditor, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-12 |
| 13 | ലൈബ്രറി സെസ്സ് - ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.<br>Written By: Jayan VS (Auditor, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-13 |
| 14 | വസ്തു നികുതി - ഡിമാന്റ് ഉത്ഭവിക്കുമ്പോൾ രേഖപ്പെടുത്തുന്നില്ല.<br>Written By: Jayan VS (Auditor, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-14 |
| 15 | വരവ് രജിസ്റ്ററുകളുടെ ഡി.സി.ബി സൂക്ഷിച്ചിട്ടില്ല<br>Written By: Jayan VS (Auditor, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-15 |
| 16 | വിശദീകരണമില്ലാതെ പ്രയർ പിരീഡ് ആയി വരവ് ചേർത്തിരിക്കുന്നു.<br>Written By: Jayan VS (Auditor, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-16 |
| 17 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ | 1-17 |

| | | |
|---|---|---|
| | താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jayan VS (Auditor, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | |
| 18 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Jayan VS (Auditor, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-18 |
| 19 | ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പാസ്സ് ബുക്കിന്റെ അഭാവത്തിൽ പരിശോധിക്കാനായിട്ടില്ല.<br>Written By: Jayan VS (Auditor, On 17-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-19 |
| 20 | കാലാവധി കഴിഞ്ഞ ചെക്കുകളുടെ തുടർനടപടികൾ<br>Written By: Jayan VS (Auditor, On 17-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-20 |
| 21 | വിവിധ രജിസ്റ്ററുകൾ ഹാജരാക്കിയില്ല<br>Written By: Jayan VS (Auditor, On 17-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-21 |
| 22 | പഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ജി എസ് ടി ഈടാക്കുന്നില്ല.<br>Written By: Dhanya.A (Auditor, On 21-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-22 |
| 23 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Dhanya.A (Auditor, On 21-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-23 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-വയോമിത്രം വിഹിതം<br>Written By: P.A.Pravida (Audit Officer, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-24 |
| 25 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-കാൻ തൃശ്ശൂർ<br>Written By: P.A.Pravida (Audit Officer, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-25 |
| 26 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-സമഗ്രശിക്ഷ കേരളം<br>Written By: P.A.Pravida (Audit Officer, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-26 |
| 27 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-കെൽട്രോണിന് അധികതുക നൽകി<br>Written By: P.A.Pravida (Audit Officer, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-27 |
| 28 | ആശ്രയ ഭവന അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-28 |
| 29 | കോവിഡ് പ്രതിരോധപ്രവർത്തനം- കട്ടിലുകൾ വാങ്ങിയത് ഉപയോഗപ്രദമാക്കേണ്ടതാണ്<br>Written By: P.A.Pravida (Audit Officer, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-29 |
| 30 | ഇല്ലാത്ത തസ്തികയിൽ താൽക്കാലിക നിയമനം<br>Written By: Jayan VS (Auditor, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-30 |
| 31 | പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 18-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-31 |
| 32 | സാമൂഹ്യ സുരക്ഷാ പെൻഷൻ<br>Written By: Jayan VS (Auditor, On 18-10-2021) | 1-32 |

| | | |
|---|---|---|
| | Last Updated By: Shobby.V.P (Audit Officer, On 25-04-2022) | |
| 33 | ലൈഫ് പാർപ്പിട നിർമ്മാണം - വീട് പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Jayan VS (Auditor, On 18-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-33 |
| 34 | വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതി - അപാകതകൾ<br>Written By: Jayan VS (Auditor, On 18-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-34 |
| 35 | പാലിയേറ്റീവ് കെയറിന് മരുന്ന് - മരുന്ന് സമയ ബന്ധിതമായി ലഭ്യമാകുന്നില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-35 |
| 36 | പി.എം.സി മീറ്റിംഗ് സമയബന്ധിതമായി കൂടുന്നില്ല. പങ്കെടുക്കുന്നവരുടെ എണ്ണം കുറവ്.<br>Written By: Sivadasan A K (Asst. Audit Officer, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-36 |
| 37 | പ്രൊജ.നം. 81/20-21 --- ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമായിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 15-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-37 |
| 38 | KCWWF റിക്കവറി കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 15-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-38 |
| 39 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 15-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-39 |
| 40 | റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 15-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-40 |
| 41 | തൊഴിലുറപ്പ് പദ്ധതി--ക്വാറി മക്ക് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി<br>Written By: Shobby.V.P (Audit Officer, On 15-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതി അപാകതകൾ - 27,600/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Jayan VS (Auditor, On 24-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayan VS (Auditor, On 10-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayan VS (Auditor, On 10-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayan VS (Auditor, On 10-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayan VS (Auditor, On 10-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayan VS (Auditor, On 10-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayan VS (Auditor, On 10-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayan VS (Auditor, On 10-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayan VS (Auditor, On 10-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Jayan VS (Auditor, On 10-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 18-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16.02.2021 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരമുള്ള സംഖ്യ | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ |
|---|---|---|
| വരവ് | 195703852 | 215825189 |
| ചെലവ് | 172546515 | 183079172 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 01-10-2021 (Aims) |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 31256654 |
| ഓഡിറ്റ് വർഷത്തെ വരവ് | 90367294 |
| ആകെ | 121623948 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 90530525 |
| നീക്കിയിരിപ്പ് | 31093423 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15773623 | 15773623 | 14535369 | 1238254 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6723502 | 6723502 | 6663673 | 59829 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 89000 | 89000 | 89000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8879000 | 8879000 | 8879000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4240670 | 4240670 | 4240670 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR | 0 | 12010003 | 12010003 | 9948478 | 2061525 |

| | | | | | |
|---|---|---|---|---|---|
| പ്രകാരം) | | | | | |
| കെ. എൽ. എസ്.ജി. ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 105620335 | 179 | 71357988 | 17 | 23 | 81.74 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 510122 | 2167078 | 2677200 | 2452436 | 224764 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 31946999 | 31946999 | 31946999 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 5385103 | 5385103 | 5385103 | 0 |
| സെമി സ്കിൽഡ് | 0 | 1352110 | 1352110 | 1352110 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള കണക്കാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. വാർഷിക കണക്ക് പ്രകാരം മുന്നിരിപ്പ് 5,09,742/- രൂപയാണ്. സമർപ്പിച്ചിട്ടുള്ള പട്ടികയിൽ 5,10,122/- രൂപ എന്നാണ് ചേർത്തിട്ടുള്ളത്. ബാലൻസ് ഷീറ്റ് പത്രികയിലെ ബി-4 ഷെഡ്യൂളുമായും ആയത് പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-6 പ്രാകരം വരവ് 4,04,93,793/- രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മെറ്റീരിയൽ കോസ്റ്റും ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയും സെമിസ്കിൽഡ് വർക്കേഴ്സിന് നൽകിയ തുകയും ചേർന്ന മൊത്തം തുകയുമായി ആയത് പൊരുത്തപ്പെടുന്നില്ല. അപാകതൾ പരിഹരിക്കേണ്ടതാണ്.

....

## 1-7 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5214400 | 381 |
| വിധവാപെൻഷൻ | 17906500 | 1268 |
| വാർദ്ധക്യകാലപെൻഷൻ | 30163400 | 2356 |
| വികലാംഗപെൻഷൻ | 4234900 | 306 |
| അവിവാഹിത പെൻഷൻ | 2530200 | 175 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-08-2021 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13611 /- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ

യഥോചിതം പരിപാലിച്ച പോരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം നന്നായി പ്രവർത്തിച്ച വരുന്നു. ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | ഓഡിറ്റ് നടന്ന തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതിന്റെ വിവരം |
|---|---|---|---|
| പെർഫോർമെൻസ് ഓഡിറ്റ് | 27/07/2021 | 2020-21 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/10/2020 | 2015-16 To 2019-20 | റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. (തിയ്യതി.08.01.2021) |

## 1-11 വസ്തു നികുതി സാംഖ്യ, സഞ്ചയ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1.1 തൻവർഷം

1.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3445275 | 3351276 | 40186 | 67260 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3445275 | 3337832 | 40183* | 67294* |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101- Advance Collection - PT On Res. Bldg - ന്റെ ലെഡ്ജർ) | *(70659/105X100) = (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

1.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2685679 | 2610868 | 18661 | 62825 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2685679 | 2604365 | 18489* | 62836** |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | **(65978/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.2 കുടിശ്ശിക

1.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 360657 | 239951 | 122929 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 351943 * | 237728 | 123477** |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (213116+156425 =369541/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (129651/105X100) |

1.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 675638 | 518123 | 157870 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 688527 | 517768 | 158043** |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(414704+308249 = 722953/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(165945/105X100), ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-12 അഡ്വാൻസ് തുക സാംഖ്യ പ്രകാരമുള്ളതും സഞ്ചയയിൽ രേഖപ്പെടുത്തിയതും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 410006 | 13444 |
| 2 | 350410101-Advance Collection Of Revenues - Property Tax On Non-Residential Building | 7594 | 6503 |

## 1-13 ലൈബ്രറി സെസ്സ് - ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 3,38,943/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 3,38,811/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ 01.04.2020 തീയതിയിൽ ഡിമാന്റിന്റെ ഉത്ഭവസമയത്തോ പിന്നീടോ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത ലെഡ്ജറിൽ നിന്ന് തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഈ ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ ലെഡ്ജറിൽ യഥാർത്ഥ ഡിമാന്റ്, കളക്ഷൻ എന്നീ യാതൊരു എൻട്രികളും രേഖപ്പെടുത്താതെ 31.03.2021 ന് ബാലൻസ് ഷീറ്റ് ബി-15 ലെ തുകയുമായി കൃത്രിമമായി പൊരുത്തപ്പെടുന്ന രീതിയിൽ നാല് എൻട്രികളിലായി രേഖപ്പെടുത്തലുകൾ വരുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്. ലെഡ്ജർ തയ്യാറാക്കുന്നതിന്റെ അന്തഃസത്തയെത്തന്നെ ചോദ്യം ചെയ്യുന്ന രീതിയിൽ നിലവിലെ അക്കൗണ്ടിങ്ങ് തത്വങ്ങൾക്ക് വിരുദ്ധമായ നടപടിയാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്.

## 1-14 വസ്തു നികുതി - ഡിമാന്റ് ഉത്ഭവിക്കുമ്പോൾ രേഖപ്പെടുത്തുന്നില്ല.

01.04.2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ 159 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ എൻട്രികൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 വരവ് രജിസ്റ്ററുകളുടെ ഡി.സി.ബി സൂക്ഷിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

2 ക്രിമറ്റോറിയം ഫീസ് രജിസ്റ്റർ

## 1-16 വിശദീകരണമില്ലാതെ പ്രയർ പിരീഡ് ആയി വരവ് ചേർത്തിരിക്കുന്നു.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/03/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (16528) |
| 280100104-Prior Period Income-Property Tax On Non Residential Buildings | 12677 |
| 280100102-Prior Period Income-Profession Tax Traders | (600) |
| 280200401-Prior Period Income-Other Income | (2250) |

## 1-17 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (163231/-) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6526548/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-18 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.2021 ൽ ബാക്കിയുള്ളവയുടെ വിവരം താഴെ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | |
|---|---|---|---|
| ക്രമ നം. | ശീർഷകം | ഇനം | തുക |
| 1 | 320100121 | Centrally Sponsored Scheme - ICDS | 552989 |
| 2 | 320100203 | Grants, Funds And Conttibution Specific Purpose – Solid Waste | 1100000 |
| 3 | 320200307 | Grants, Funds And Contributions For Specific Purposes – Other Than Development Fund And State Sponsored | 22000 |
| 4 | 320200322 | Grants From Suchitwa Mission | 1523773 |
| 5 | 320800101 | Beneficiary Contributions | 129959 |

മേൽപ്പറഞ്ഞ ശീർഷകങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ആധികാരികമായി തയ്യാറാക്കി

സൂക്ഷിക്കേണ്ടതാണ്.

## 1-19 ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പാസ്സ് ബുക്കിന്റെ അഭാവത്തിൽ പരിശോധിക്കാനായിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പാസ്സ് ബുക്കിന്റെ അഭാവത്തിൽ പരിശോധിക്കാനായിട്ടില്ല. {കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)}

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ | വാർഷിക കണക്കിലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | SBT OAP | 57036602616 | Upto 03/2021 | 13276 |
| 2 | SBI PFMS CA | പാസ് ബുക്ക് ലഭ്യമാക്കിയിട്ടില്ല | Upto 03/2021 | 1050 |

.

## 1-20 കാലാവധി കഴിഞ്ഞ ചെക്കുകളുടെ തുടർനടപടികൾ

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)}. ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 50486 | 30.12.2020 | 1298 |
| 044505 | 04.12.2019 | 570 |
| ലഭ്യമല്ല | 19.03.2020 | 572 |
| 50024 | 20.10.2020 | 1500 |

## 1-21 വിവിധ രജിസ്റ്ററുകൾ ഹാജരാക്കിയില്ല

1) 31.03.2021 ൽ 8869456/- രൂപ വായ്പ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ വായ്പ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 2151476/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല എന്നാണ് കാണിച്ചിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ)}

4) "Advance To Implementing Officer “ എന്ന ശീർഷകത്തിൽ 194432/- രൂപ നിർവ്വഹണോദ്യഗസ്ഥന് മുൻകൂർ നൽകിയിട്ടുണ്ട്. "Temperory Advance For Official Purposes" എന്ന ശീർഷകത്തിൽ 596511/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഈ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-22 പഞ്ചായത്ത് വാടകയ്ക്കു നൽകിയിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ജി എസ് ടി ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള XV/174A(പട്ടികജാതി ഇൻഡസ്ട്രിയൽ കെട്ടിടം), VIII/54, VIII/186 എന്നീ കെട്ടിടങ്ങൾ യഥാക്രമം മാതൃക ആക്ടിവിറ്റി ഗ്രൂപ്പ്, പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം, മാവേലി സ്റ്റോർ എന്നിവയ്ക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. യഥാക്രമം 290, 552, 305 എന്നീ തുകകളാണ് പ്രതിമാസ വാടകയായി ഈടാക്കിയിരിക്കുന്നത്. എന്നാൽ ടി കെട്ടിടങ്ങളിൽ നിന്നും വാടകയ്ക്കൊപ്പം ജി എസ് ടി ഈടാക്കിയിട്ടില്ല. 18% നിരക്കിൽ ജി.എസ്.ടി ഈടാക്കേണ്ടതാണ്.

വാടക ഈടാക്കുന്നതിന് പഞ്ചായത്ത് ബൈലോ തയ്യാറാക്കുകയോ സർക്കാർ അംഗീകൃതമാക്കുകയോ ചെയ്തിട്ടില്ല. ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-2021 സാമ്പത്തിക വർഷം ഫാക്ടറി/വ്യാപാരം/സംരംഭകത്വം/മറ്റ് സേവനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുള്ള ചില സ്ഥാപനങ്ങളുടെ അപേക്ഷ പരിശോധിച്ചതിൽ ഒന്നിലധികം ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ, ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഗ്രൂപ്പ് മൂക്കാടൻ | 5 |
| 2 | ഡിവൈൻ സ്റ്റാർ ജ്വല്ലറി | 10 |

കേരള പഞ്ചായത്ത് രാജ് നിയമം 204 (I) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, 204 (ii) വകുപ്പ് പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു.
കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകി പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി നികുതി അടവാക്കേണ്ടവരുടെ വിവരങ്ങൾ ക്രോഡീകരിക്കേണ്ടതുമാണ്.

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-വയോമിത്രം വിഹിതം

2020-21 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നം., പേര് | വൗച്ചർ നം./ ചെക്ക് നം. തിയതി | തുക | നൽകിയത് |
|---|---|---|---|
| 227/21-വയോമിത്രം വിഹിതം | 14/07.08.2020 | 3,00,000 (വികസനഫണ്ട്, ജനറൽ) | സാമൂഹ്യ സുരക്ഷാമിഷൻ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.15/11.10.2021) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

## 1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-കാൻ തൃശ്ശൂർ

2020-21 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നം., പേര് | വൗച്ചർ നം./ചെക്ക് നം., തിയതി | തുക | നൽകിയത് |
|---|---|---|---|
| 15/21-കാൻ തൃശ്ശൂർ, കാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം | 30/28.3.2021 | 2,00,000 (വികസനഫണ്ട് ജനറൽ) | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/11.10.2021) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

## 1-26 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-സമഗ്രശിക്ഷ കേരളം

2020-21 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നം., പേര് | ബിൽ നം./ചെക്ക് നം. തിയതി | തുക | നൽകിയത് |
|---|---|---|---|
| 5/21-സമഗ്രശിക്ഷ കേരളം-പഞ്ചായത്ത് വിഹിതം | 10/29.5.2020 | 3,37,800 (വികസനഫണ്ട് ജനറൽ) | സമഗ്രശിക്ഷ കേരള, പ്രൊജക്ട് ഓഫീസർ |

ഇൗ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/11.10.2021) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

## 1-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-കെൽട്രോണിന് അധികതുക നൽകി

പ്രൊജക്ട് നം.3/21 -ഉന്നതവിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 2,97,635/- (വികസനഫണ്ട്(എസ്.സി.പി.)

ചെലവ്-2,95,139 (ബിൽ നം.6/28.10.2020)

മാടക്കത്തറ ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് എന്ന പദ്ധതിയ്ക്കായി 19.10.2020 തിയതിയിലെ 19650 നമ്പർ ഇൻവോയ്സ് പ്രകാരം 13 ലാപ്ടോപ്പിനായി 2,95,139/- (22703x13) കെൽട്രോണിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ വർക്ക് ഓഡർ ജനറേറ്റ് ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ കെൽട്രോണുമായി ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ കെൽട്രോണും കമ്പനികളുമായുള്ള എഗ്രിമെന്റ് പുതുക്കിയിട്ടില്ലാത്തതിനാൽ വർക്ക് ഓഡർ ജനറേറ്റ് ചെയ്യുവാൻ സാധിക്കില്ലെന്ന് അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 19.3.2021 തിയതിയിൽ 25198 ഇൻവോയ്സ് പ്രകാരം 2,72,290 രൂപയ്ക്ക് 10 ലാപ്ടോപ്പുകളാണ് സപ്ളൈ ചെയ്തിട്ടുള്ളത്. അധികമായി അടവാക്കിയ തുക (2,95,139-2,72,290=22,849/-രൂപ) കെൽട്രോണിൽ നിന്നും തിരികെ ലഭ്യമാക്കുകയോ തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. ഇൗ സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/16.10.2021) മറുപടിയായി തുക തിരിച്ചു നൽകുവാനാവശ്യപ്പെട്ട് 29.07.2021 ൽ കെൽട്രോൺ ജനറൽ മാനേജർക്ക് കത്ത് നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.

## 1-28 ആശ്രയ ഭവന അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം. 113/21-ആശ്രയ ഭവന നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ-3,20,000 (തനതുഫണ്ട്)

ചെലവ്- 1,60,000 (തനതുഫണ്ട്) (വൗച്ചർ നം.22001454 തി.26.03.2021, ചെക്ക് നം.53230 തി.26.03.2021)

ആശ്രയ ഭവന അറ്റകുറ്റപ്പണിക്കായി അംബുജാക്ഷി (തോന്നൂർക്കര വീട്), ദേവയാനി (തുലാപ്പറമ്പിൽ വീട്) എന്നീ ഗുണഭോക്താക്കളുടെ വീട് 160,000/- രൂപ (80,000/-രൂപ വീതം) സി ഡി എസിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഇതിൽ ദേവയാനി (തുലാപ്പറമ്പിൽ വീട്) എന്ന ഗുണഭോക്താവിന്റെ വീടിന്റെ അറ്റകുറ്റപ്പണി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. അംബുജാക്ഷി (തോന്നൂർക്കര വീട്) എന്ന ഗുണഭോക്താവിന്റെ വീടിന്റെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.40/18.10.2021) മറുപടിയായി വീട് അറ്റകുറ്റപ്പണി പ്രവൃത്തികൾ ആരംഭിയ്ക്കുന്നതിന് പ്രസ്തുത വാർഡിലെ എ.ഡി.എസിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചു. സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ വിഭാഗങ്ങൾക്കായുള്ള ഇത്തരം പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 കോവിഡ് പ്രതിരോധപ്രവർത്തനം- കട്ടിലുകൾ വാങ്ങിയത് ഉപയോഗപ്രദമാക്കേണ്ടതാണ്

പ്രൊജക്ട് നം. 247/21 -കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി

അടങ്കൽ - 155000 (തനതുഫണ്ട്)

ചെലവ്-155000(ചെക്ക് നം.50442/10.11.2020

തൃശ്ശൂർ ജില്ലാ കളക്ടറുടെ DCTSR/H4/14476/2019തി 28.7.2020 ഉത്തരവ് പ്രകാരം കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി അച്യുതമേനോൻ ബ്ലോക്ക് CFLTC ആയി ഏറ്റെടുക്കുകയും കേന്ദ്രത്തിന്റെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ ഭൗതികസാഹചര്യം ഒരുക്കുന്നതിന്റെ ഭാഗമായി 100 കട്ടിലുകൾ കാലടി കീർത്തി മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/11.10.2021) മറുപടിയായി വാങ്ങിയ കട്ടിലുകൾ നിലവിൽ DCC ആയി പ്രവർത്തിച്ച വരുന്ന KAU ഹോസ്റ്റൽ, ICAR ഹോസ്റ്റൽ, എന്നിവയിൽ ഉപയോഗിക്കുന്നുണ്ടെന്നും ബാക്കിയുള്ളവ ഊട്ടുപുര കെട്ടിടത്തിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്നും അറിയിച്ചു. കോളേജുകൾ തുറക്കുന്ന സാഹചര്യത്തിൽ വാങ്ങിയ കട്ടിലുകൾ ഉപയോഗപ്രദമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ഇല്ലാത്ത തസ്തികയിൽ താൽക്കാലിക നിയമനം

സംസ്ഥാന സർക്കാരിന്റെ 05/10/2019 ലെ 81/2019/ധന ഉത്തരവ്, അതിനു മുൻപേയുള്ള സമാന ഉത്തരവുകൾ എന്നിവ അനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുവാദം കൂടാതെ ഇല്ലാത്ത തസ്തികകളിൽ താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യാൻ പാടുള്ളതല്ല. എന്നാൽ മാടക്കത്തറ ഗ്രാമ പഞ്ചായത്തിൽ മേൽ വ്യവസ്ഥക്ക് വിരുദ്ധമായി ഓഡിറ്റ് കാലയളവിലൊട്ടാകെ ക്ലർക്ക് തസ്തികയിൽ സന്ധ്യ.എം.എച്ച്, അസി. എഞ്ചിനീയറുടെ കാര്യാലയത്തിൽ 2019 ഒക്ടോബർ മുതൽ 2021 ഏപ്രിൽ വരെ ഓവർസിയർ ഗ്രേഡ് 3 (ക്ലർക്ക്) എന്ന തസ്തികയിൽ അജ്മൽ.കെ.എ എന്നിവർ ജോലി ചെയ്തിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ നിയമപരമായ പിൻബലമെന്ത് എന്ന ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്തിന് യാതൊരു രേഖയും ഹാജരാക്കാനായിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 35/16.10.2021, 42/18.10.2021). ഇക്കാരണത്താൽ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളണമെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

## 1-31 പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ

I) വാഹന ഉപയോഗത്തെ സംബന്ധിച്ച് ജി.ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ, തീ.30.06.2007, സർക്കുലർ നം.41/2008/ധന, തീ.02.08.2008 എന്നിവ പ്രകാരം നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വാഹനമായ KL-8/AU-5686 മഹീന്ദ്ര ബോലേറോയുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലോഗ്ബുക്കിൽ 15.08.2021 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രമാണ് വരുത്തിയിട്ടുള്ളത്.
2) 01.01.2020 മുതൽ പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.
3) ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റിന്റെ കാലാവധി 21.05.2020 വരെ മാത്രമാണ്.
4) വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.
5) വാഹനത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണെന്നും ആയത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.
6) വാഹനത്തിന്റെ അറ്റകുറ്റപ്പണികളെ സംബന്ധിച്ച വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തുകയോ അറ്റകുറ്റപ്പണി സംബന്ധിച്ച പ്രത്യേക രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

II) പഞ്ചായത്ത് ഓഫീസിലെ ജനറേറ്ററിന്റെ ലോഗ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

നിയമാനുസരണം ലോഗ്ബുക്ക് എഴുതേണ്ടതും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-32 സാമൂഹ്യ സുരക്ഷാ പെൻഷൻ

1) 2019-20, 2020-21 വർഷങ്ങളിൽ മരണപ്പെടുകയോ പുനർവിവാഹിതരാവുകയോ ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖേന ശേഖരിക്കുന്നതിന് സ.ഉ(എം.എസ്) നം.97/2020/ധന, തീ.23.09.2020 പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും അപ്രകാരം ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഗുണഭോക്താക്കളുടെ പേരുകൾ ഒഴിവാക്കേണ്ടതുമാണ്.

2) പെൻഷൻ രജിസ്റ്ററുകളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പെൻഷൻ പാസ്സാക്കിയ തീരുമാനത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

3) മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ പലർക്കും പെൻഷൻ തുടർന്നും വിതരണം ചെയ്യപ്പെട്ടതായി സേവന പോർട്ടൽ പരിശോധിച്ചതിൽ കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷൻ ഐ.ഡി | മരണം നടന്ന തീയതി | പെൻഷൻ വിതരണം ചെയ്ത വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| രാമകൃഷ്ണൻ | 390974181172 | 107410201899 | 25.06.2021 | ഓഗസ്റ്റ് 2021 |
| തോമസ്.എം.പി | 901302039467 | 107410201273 | 03.07.2021 | സെപ്റ്റംബർ 2021 |
| മേരിക്കുട്ടി ജോർജ്ജ് | 551290670187 | 107410600996 | 13.07.2021 | സെപ്റ്റംബർ 2021 |
| രാധ ഫൽഗുനൻ | 903497325943 | 107410200993 | 26.07.2021 | സെപ്റ്റംബർ 2021 |
| മേരി ഏലിയാസ് | 514413702734 | 107410601036 | 07.07.2021 | സെപ്റ്റംബർ 2021 |
| സാറാമ്മ മാത്യു | 650772239751 | 107410200368 | 15.07.2021 | സെപ്റ്റംബർ 2021 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.33/16.10.2021 നള്ള മറുപടിയിൽ മേൽ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുകയും തുക ഡി.ബി.ടി സെൽ അക്കൗണ്ടിലേയ്ക്ക് തിരികെ അടവാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ വിവരം പരിശോധിച്ച് കാലവിളംബം കൂടാതെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അനധികൃതമായി നൽകപ്പെട്ട തുക തിരികെ ഈടാക്കുന്നതിനും സർക്കുലർ നം. 63/2021/fin, തീ.02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-33 ലൈഫ് പാർപ്പിട നിർമ്മാണം - വീട് പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ലൈഫ് മിഷൻ പാർപ്പിട നിർമ്മാണം പ്രൊജക്റ്റിൽ തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ലീല ഉഷ, വാരിയത്തുപറമ്പിൽ, വെള്ളാനിക്കര | 40,000/- | 22.08.2018 |
| 2 | സുശീല പരമേശ്വരൻ, കോട്ടപ്പറമ്പിൽ, വെള്ളാനിക്കര | 40,000/- | 08.01.2021 |
| 3 | ഭാസ്കരൻ, മുണ്ടാപ്പുറത്ത്, വെള്ളാനിക്കര | 3,00,000/- | 28.03.2021 |
| 4 | സുമലത, പുളിക്കൻ, മാടക്കത്തറ (എസ്.സി) | 40,000/- | 24.03.2021 |
| 5 | ദേവി, കവലക്കാട്ട് എസ്റ്റേറ്റ്, കൊട്ടേപ്പാടം (എസ്.സി) | 40,000/- | 24.03.2021 |

22.08.2018 തീയതിയിൽ 40,000/- രൂപ കൈപ്പറ്റുകയും ഇത് വരേയ്ക്കും പണി ആരംഭിക്കാത്തതുമായ ലീല ഉഷ, വാരിയത്തുപറമ്പിൽ എന്ന ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനും മറ്റ് ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതി - അപാകതകൾ

വി.ഇ.ഒ, വെള്ളാനിക്കര നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1 (A) പ്രൊജക്റ്റ് നമ്പർ 38/20-21, കിണർ റീചാർജ്ജ് (ജനറൽ), ചെലവ് തുക – 2,35,499/-

വൗച്ചർ നം. 22001425, തീ. 19.03.2021, തുക – 55,797/-

വൗച്ചർ നം. 22001518, തീ. 29.03.2021, തുക – 14,400/-

വൗച്ചർ നം. 22001517, തീ. 29.03.2021, തുക – 1,43,702/-

വൗച്ചർ നം. 22001520, തീ. 29.03.2021, തുക – 21,600/-

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക. | അപാകത |
|---|---|---|---|
| 1 | ശ്രീവിദ്യ.ടി.ആർ, ചേറ്റൂർ ഹൗസ്, | 7200/- | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | കള്ളായി | | |
| 2 | ഓമന മോഹൻദാസ്, തയ്യൽ ഹൗസ്, താണിക്കുടം | 7200/- | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 3 | വിജയലക്ഷ്മി, വിയ്യോക്കാരൻ ഹൗസ്, വെള്ളാനിക്കര | 7200/- | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| | | 21600/- | |
| 4 | രവീന്ദ്രൻ, പനയത്തുവളപ്പിൽ ഹൗസ്, വെള്ളാനിക്കര | 7200/- | അപേക്ഷയും അനുബന്ധരേഖകളും ഹാജരാക്കിയിരുന്നില്ല. ഓഡിറ്റ് വേളയിൽ ഹാജരാക്കിയ റേഷൻ കാർഡ് നം. 1841028375 പ്രകാരം അപേക്ഷകനും ഭാര്യയും സർവ്വീസ് പെൻഷനേഴ്സ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |

1 (B) ലിൻസി ഫിഡോ, മാളിയേക്കൽ ഹൗസ്, കള്ളായി എന്ന ഗുണഭോക്താവിന്റെ അക്കൗണ്ട് നം.34452272988 (SIB) എന്നതിന് പകരം UTR Statement ൽ CIF നമ്പറായ 87947529339 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സാങ്കേതികമായി സംഭവിച്ച ഈ അപാകത അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) പ്രൊജക്ട് നമ്പർ 41/20-21, ഉറസ്സായ കിണറുകൾ ശുചിത്വ കിണറുകളാക്കൽ (ജനറൽ), ചെലവ് തുക – 1,50,000/-

വൗച്ചർ നം. 22001357, തീ. 24.02.2021, തുക – 36,000/-

വൗച്ചർ നം. 22001508, തീ. 27.03.2021, തുക – 24,000/-

വൗച്ചർ നം. 22001382, തീ. 24.02.2021, തുക – 18,000/-

വൗച്ചർ നം. 22001401, തീ. 15.03.2021, തുക – 18,000/-

വൗച്ചർ നം. 22001426, തീ. 19.03.2021, തുക – 18,000/-

വൗച്ചർ നം. 22001445, തീ. 25.03.2021, തുക – 30,000/-

വൗച്ചർ നം. 22001515, തീ. 27.03.2021, തുക – 6,000/-

നളിനി, തന്നാട്ടുമഠത്തിൽ ഹൗസ്, മേപ്പാടം എന്നവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. കൈപ്പറ്റിയ തുക 6,000/- രൂപ.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കായി രണ്ട് പ്രൊജക്ടുകളിലായി നൽകിയ തുകയായ 27,600/- (21,600+6,000) രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക മേൽപ്പറഞ്ഞ ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണാധികാരിയിൽ നിന്നോ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## 1-35 പാലിയേറ്റീവ് കെയറിന് മരുന്ന് - മരുന്ന് സമയ ബന്ധിതമായി ലഭ്യമാകുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്ട് നമ്പർ. 26/20-21

ഓഡിറ്റ വർഷം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് താഴെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

1. ട്രഷറി ബിൽ ബുക്ക് നമ്പർ. 38/20-21 Dt. 26-03-2021, തുക.200000 (ജി.പഞ്ചായത്ത് വിഹിതം)

2. ട്രഷറി ബിൽ ബുക്ക് നമ്പർ. 39/20-21 Dt. 26.3.21 , തുക. 16115

ആകെ 216115

എന്നാൽ ഓഡിറ്റ തിയ്യതി വരേക്കും മരുന്ന് ലഭ്യമായിട്ടില്ല. പാലിയേറ്റീവ് കെയർ പോലുള്ള അടിയന്തിര ശ്രദ്ധ പതിയേണ്ടുന്ന പ്രോജക്ടുകളിൽ മരുന്ന വിതരണം അനന്തമായി നീണ്ടു പോകുന്നത് ആശാസ്യമല്ല. മരുന്ന വിതരണം വൈകുമെന്ന് ഉറപ്പുള്ള സംഗതികളിൽ പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥ പ്രകാരം അനുയോജ്യമായ മറ്റു മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ് എന്നുള്ളതിനാൽ സ്ഥാപനവുമായി ബന്ധപ്പെട്ട് താമസം വിനാ മരുന്നുകൾ ലഭ്യമാക്കാനുള

നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-36 പി.എം.സി മീറ്റിംഗ് സമയബന്ധിതമായി കൂടുന്നില്ല. പങ്കെടുക്കുന്നവരുടെ എണ്ണം കുറവ്.

07/03/2019 തിയ്യതിയിലെ സർക്കാർ ഉത്തരവ് (സ.ധ)നം. 553/2019 ഖണ്ഡിക 2.9.1 ലെ വ്യവസ്ഥകൾ പ്രകാരം പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി വർഷാവർഷം പുനസംഘടിപ്പിക്കേണ്ടതും രണ്ടു മാസത്തിലൊരിക്കലോ, ആവശ്യാനുസരണമോ ചേരേണ്ടതുമാണ്. എന്നാൽ എഫ്.എച്ച്.സി മാടക്കത്തറയുടെ പി.എം.സി മിനുട്സ് പരിശോധിച്ചതിൽ രണ്ടു വർഷത്തിനിടെ കൂടിയ മീറ്റിംഗ് എണ്ണം, പങ്കെടുത്തവരുടെ എണ്ണം എന്നിവ വളരെ കുറവായി കാണുന്നു. ആയത് പരിഹരിക്കേണ്ടതാണ്.

| മീറ്റിംഗ് കൂടിയ തിയ്യതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|
| 27/03/2019 | 9 |
| 20/08/2019 | 8 |
| 20/12/2019 | 4 |
| 04/03/2020 | 4 |

## 1-37 പ്രൊജ.നം. 81/20-21 --- ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമായിട്ടില്ല.

നി.ഉദ്യോഗസ്ഥൻ - ഹോമിയോ മെഡിക്കൽ ആഫീസർ

അടങ്കൽ

₹ 1,00,000/-( മെയിന്റനൻസ് ഫണ്ട് -റോഡിതരം)

₹ 1,00,000/-( വികസന ഫണ്ട് സാധാരണ വിഹിതം)

വൗ.നം. 1/20-21 തി.10-7-20 ₹ 1,00,000/-

വൗ.നം. 2/20-21 തി 17-8-20 ₹ 1,00,000/-

(ഓഡിറ്റ് എൻക്വയറി നം. 2 തി. 4-10-21 )

ജില്ലാ മെഡിക്കലാഫീസറിൽ നിന്ന് (ഹോമിയോ) നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ വിവിധയിനം മരുന്നുകൾ ലഭ്യമാക്കുന്നതിന് ₹ 2,00,000/- കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റിവ് സൊസൈറ്റി, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയതിന് താഴെ ചേർക്കുന്നതു പ്രകാരം കൈപ്പറ്റ് രശീത് ലഭിച്ചിട്ടുണ്ട്.

രശീത് നം. 2987 തി. 11-9-20 ₹ 1,00,000/-

രശീത് നം. 3060 തി. 12-9-20 ₹ 1,00,000/-

എന്നാൽ നാളിതുവരെ ₹ 93850/-മരുന്നുകൾ മാത്രമാണ് താഴെ ചേർക്കുന്നതു പ്രകാരം ലഭ്യമായിട്ടുള്ളത്.

ഇൻവോയ്സ് നം. എൽ.എഫ് 2334 തി.6-2-20 ₹85025/-

ഇൻവോയ്സ് നം. എൽ.എഫ് 3060തി.12-9-20 ₹ 8825/-

ഇനിയും ₹ 1,06,150/- വില വരുന്ന മരുന്നുകൾ ലഭിക്കുന്നതിനു ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 KCWWF റിക്കവറി കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല

(ഓഡിറ്റ് എൻക്വയറി നം. 9 തിയ്യതി 11-10-21 )

1996 ലെ ബിൽഡിങ് & അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്റ്റ് (സെൻട്രൽ ആക്റ്റ് ) വകുപ്പുകൾ 3 (1), (2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിൽ 1%ൽ കുറയാത്ത തുക KCWWF ബോർഡിൽ അടവാക്കേണ്ടതും വകുപ്പ് 3 (3) പ്രകാരം ഇപ്രകാരം വസൂലാക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജ്ജിനത്തിൽ അതത് ത.സ്വ.ഭ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് കാലയളവിൽ ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം. 30 തിയ്യതി 16-10 -21 )

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ബിറ്റുമിൻ ഉപയോഗിച്ചുള്ള സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുന്ന

എസ്റ്റിമേറ്റുകളിൽ പാക്ക്ഡ് ബിറ്റുമിൻ വിലയാണ് ചേർത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ കാലി ബാരലിന് 238+18% GST ഈടാക്കേണ്ടതുണ്ടായിരുന്നവെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ബിറ്റുമിൻ ഉപയോഗിച്ച് നടത്തിയറോഡ് പ്രവൃത്തികളിൽ കാലി ബാരലിന്റെ വില കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും പ്രസ്തുത തുക പ്രവൃത്തിക്കു വേണ്ടി ചെലവു ചെയ്ത ശീർഷകത്തിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിന് യഥാസമയം നൽകേണ്ടതുമാണ്.

## 1-40 റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനവദിച്ചിരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 10 തിയ്യതി 11-10-21 )

സ.ഉ. (എം.എസ്) 74 /14 എൽ.എസ്.ജി.ഡി തി. 7-5-14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് മേൽകാര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിച്ചിട്ടുണ്ടെന്ന മറുപടി അസി.എഞ്ചിനിയർ നല്കി. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 തൊഴിലുറപ്പ് പദ്ധതി--ക്വാറി മക്ക് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി

ഓഡിറ്റ് എൻക്വയറി നം. 29 തി. 13-10-21

ഓഡിറ്റ് കാലയളവിൽ ക്വാറി മക്ക് ഫില്ലിങ്ങിന് ₹ 1262.78എന്ന നിരക്ക് നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. ( SECURE ഇനം 80.7.2.3) PRICE സോഫ്റ്റ് വെയറിൽ ( ഇനം 51.2.3) ഈയിനത്തിന് ₹ 891.01 നിരക്കാണ് നൽകി വരുന്നത്.

ഒരേയിനം പ്രവൃത്തിക്ക് ഒരേ സ്ഥാപനത്തിൽ രണ്ടു വ്യത്യസ്ത നിരക്കുകൾ അനുവദിച്ചു വരുന്ന കാര്യം ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് MNREGA സ്റ്റേറ്റ് മിഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്ക് എ2 8153 /21 തി. 16-10 -21 കത്തുപ്രകാരം ഒല്ലൂക്കര ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ അറിയിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതി അപാകതകൾ - 27,600/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

വി.ഇ.ഒ, വെള്ളാനിക്കര നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് തുക അനുവദിച്ചിരിക്കുന്നു.

1) പ്രൊജക്ട് നമ്പർ 38/20-21, കിണർ റീചാർജ്ജ് (ജനറൽ), ചെലവ് തുക – 2,35,499/-

വൗച്ചർ നം. 22001425, തീ. 19.03.2021, തുക – 55,797/-

വൗച്ചർ നം. 22001518, തീ. 29.03.2021, തുക – 14,400/-

വൗച്ചർ നം. 22001517, തീ. 29.03.2021, തുക – 1,43,702/-

വൗച്ചർ നം. 22001520, തീ. 29.03.2021, തുക – 21,600/-

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക. | അപാകത |
|---|---|---|---|
| 1 | ശ്രീവിദ്യ.ടി.ആർ, ചേറൂർ ഹൗസ്, കള്ളായി | 7200/- | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 2 | ഓമന മോഹൻദാസ്, തയ്യൽ ഹൗസ്, താണിക്കുടം | 7200/- | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 3 | വിജയലക്ഷ്മി, | 7200/- | ഗുണഭോക്തൃലിസ്റ്റിൽ |

| | | | |
|---|---|---|---|
| | വിയ്യോക്കാരൻ ഹൗസ്, വെള്ളാനിക്കര | | ഉൾപ്പെട്ടിട്ടില്ല. |
| | ആകെ | 21600 | |

2) പ്രൊജക്റ്റ് നമ്പർ 41/20-21, ഉറസ്സായ കിണറുകൾ ശുചിത്വ കിണറുകളാക്കൽ (ജനറൽ), ചെലവ് തുക – 1,50,000/-
വൗച്ചർ നം. 22001357, തീ. 24.02.2021, തുക – 36,000/-
വൗച്ചർ നം. 22001508, തീ. 27.03.2021, തുക – 24,000/-
വൗച്ചർ നം. 22001382, തീ. 24.02.2021, തുക – 18,000/-
വൗച്ചർ നം. 22001401, തീ. 15.03.2021, തുക – 18,000/-
വൗച്ചർ നം. 22001426, തീ. 19.03.2021, തുക – 18,000/-
വൗച്ചർ നം. 22001445, തീ. 25.03.2021, തുക – 30,000/-
വൗച്ചർ നം. 22001515, തീ. 27.03.2021, തുക – 6,000/-
നളിനി, തന്നാട്ടുമഠത്തിൽ ഹൗസ്, മേപ്പാടം എന്നവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. കൈപ്പറ്റിയ തുക 6,000/- രൂപ.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കായി രണ്ട് പ്രൊജക്ടുകളിലായി നൽകിയ തുകയായ 27,600/- (21,600+6,000) രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക മേൽപ്പറഞ്ഞ ഗുണഭോക്താക്കളിൽ നിന്നോ, ഉത്തരവാദിയായ നിർവ്വഹണാധികാരിയിൽ നിന്നോ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഒല്ലൂക്കര ബ്ലോക്ക് പഞ്ചയത്ത് | 2020-21 | 180000 | പകൽ വീട് | 91078 | 88922 |
| | 2019-20 | 2010204 | ലൈഫ് മിഷൻ ഭവനം | 830000 | 1180204 |
| | 2018-19 | 564000 | ക്രിമിറ്റോറിയം നവീകരണം | 153963 | 410037 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 36840 | പാലിയേററീവ് കെയർ | 36840 | 0 |
| | 2019-20 | 200000 | മുൻബാക്കി (ഭിന്നശേഷി സ്കോളർഷിപ്പ്) | 0 | 200000 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തി കരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി രാമവർമ്മപുരം | സ്ട്രീറ്റ് ലൈൻ വലിക്കൽ | 22001349 | 100000 | 0 | പൂർത്തീ കരിച്ചിട്ടില്ല | 100000 (മുൻബാക്കി 3188510) |
| ഗവ. എഞ്ചി.കോളേജ് തൃശ്ശൂർ | പുല്ലംക്കണ്ടം പാലം മണ്ണ പരിശോധന& ഡിസൈനിംഗ് | 22001315 | 132750 | 0 | പൂർത്തീ കരിച്ചിട്ടില്ല | 132750 |

| | | | | | | |
|---|---|---|---|---|---|---|
| അസി. എഞ്ചിനീയർ. ത.സ്വ.ഭ.വ | മണ്ണൂർണികളം റോഡ് നിർമാണം | 22000045 | 194432 | 0 | പൂർത്തീ കരിച്ചിട്ടില്ല | 194432 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

സ്ഥാപനത്തിൽ വായ്പാ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കുകളുടെ അപാകത ഖണ്ഡിക 1-21ൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ബാലൻസ് ഷീറ്റിൽ വായ്പാ ബാധ്യതയായി 8869456/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2151476 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 2151476 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2151476 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| ജില്ലാ സഹ.ബാങ്ക്, തൃശ്ശൂർ | 1536093 | 283729 |
| അമ്പലപ്പാട് സർവീസ്. സഹ.ബാങ്ക് | 610383 | 31984646 |
| തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ (Equity Share) | 5000 | 142 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 134315272.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 137115727.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27,600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ്തുക | സർചാർജ്ജ് തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 1-34 | | 27,600 | അനുപിയ, വിഇഒ വെള്ളാനിക്കര |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനുപിയ, വിഇഒ വെള്ളാനിക്കര | വിഇഒ, മാടക്കത്തറ ഗ്രാമ പഞ്ചായത്ത് | തൃപ്പാക്കൽ വീട്,പാണ്ടിപ്പറമ്പ്, വെള്ളാനിക്കര ഗ്രാമപഞ്ചായത്ത് |

.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1976-77 | എൽ.എഫ്.ടി.എസ്2-1639/11/28.10.11/06.12.11 |
| 1977-78 | |
| 1983-84 | |
| 1984-85 | |
| 1985-86 | |
| 86-87&87-88 | |
| 88-89&89-90 | |
| 1991-92 | |
| 1993-94 | |
| 1994-95&95-96 | |
| 97-98,99-00 2000-01, വരവ് | എൽ.എഫ്.ടി.എസ്8-358/14/14.03.14/11.4.14 |
| 2000-01 ജനകീയാസൂത്രണം | എൽ.എഫ്.ടി11-1342/04/07.08.14/13.09.14 |
| 2001-02,2002-03, 2003-04 | എൽ.എഫ്.ടി.എസ്8-358/14/14.03.14/11.4.14 |
| 2004-05 | എൽ.എഫ്.ടി11-2275/08/26.07.10 |
| 2005-06 | എൽ.എഫ്.ടി11-2276/08/26.07.10 |
| 2006-07 | എൽ.എഫ്.ടി11-592/09/16.01.12/09.02.12 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി.പി4/1357/12/15.12.12/13.05.13 |
| 2011-12 | എൽ.എഫ്.ടി.പി4/341/2013/8.07.13/05.10.13 |
| 2012-13 | എൽ.എഫ്.ടി.പി8/2136/13/5.05.14/3.7.14 |
| 2013-14 | എൽ.എഫ്.ടി.പി8- 14/2015/ 02.06.15/25.07.15 |
| 2014-15 | കെ.എസ്.എ-ടി.എസ്.ആർ(പി8)1194/16, 20.07.16 |
| 2015-16 | കെ.എസ്.എ-ടി.എസ്.ആർ(പി8)1194/16, 29.07.16 |
| 2016-17 | കെ.എസ്.എ-ടി.എസ്.ആർ-(പി8) 982/17/, 4.7.17 |
| 2017-18 | കെ.എസ്.എ-ടി.എസ്.ആർ-(പി8)839/19, 13.06.19 |
| 2018-19 | കെ.എസ്.എ-ടി.എസ്.ആർ.(പി.8)1360/20 തീയതി:05/01/2021 |

| | |
|---|---|
| 2019-20 | കെ.എസ്.എ-ടി.എസ്.ആർ.(പി.8) 1519/2021<br>തീയതി:18.05.2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്